# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1262 — 12.06.2014-ൽ മറുപടിയ്ക്ക്

## പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>,, **ഷാഫി പറമ്പിൽ**<br>,, **എ.പി.അബ്ദുള്ളക്കുട്ടി**<br>,, **വി.റ്റി.ബൽറാം** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ടാറിനോടൊപ്പം ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;<br>(ബി) ഇതിന് അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | **(എ)&(ബി):**<br>ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് ഗ്രാമീണ റോഡുകളും ഗതാഗതം കുറഞ്ഞ റോഡുകളും പരീക്ഷണാടിസ്ഥാനത്തിൽ ടാർ ചെയ്യുന്നതിന് പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, വനം തുടങ്ങിയ വകുപ്പുകൾക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് (G.O.(MS)No.61/2013/PWD dt: 20.07.13) പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഇപ്രകാരം നിർമ്മിക്കപ്പെടുന്ന റോഡുകളുടെ ഗുണമേന്മ പഠന വിധേയമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (സി) ഇതുവരെ നിർമ്മിക്കപ്പെട്ട പ്ലാസ്റ്റിക് റോഡുകളിലൊന്നും കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശേഖരിച്ച് വേർതിരിച്ചെടുത്ത് വൃത്തിയാക്കി ഷ്രഡ് ചെയ്ത ശേഷമാണ് ഉപയോഗിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ 2006-ൽ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്ത റോഡ് നാളിതുവരെ മൊത്തമായി ഉപരിതലം പുതുക്കൽ നടത്തിയിട്ടില്ല. ഇത്തരം റോഡുകളുടെ ഉപരിതലം സാധാരണ ചെയ്ത മറ്റ് റോഡുകളേക്കാളും മെച്ചപ്പെട്ടതായി കാണാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം ഉപരിതലം പുതുക്കലിന്റെ കാലദൈർഘ്യം കൂടുന്നതായും മനസ്സിലാക്കാൻ കഴിഞ്ഞു. ഈ റോഡ് ഇപ്പോഴും നിരീക്ഷണത്തിലാണ്. |
| (ഡി) ഏതെല്ലാം റോഡുകളാണ് ഇങ്ങനെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള ടാറിംഗ് നടത്താനുദ്ദേശിക്കുന്ന റോഡുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ഡിവിഷൻ ഓഫീസ് | റോഡിന്റെ പേര് |
|---|---|
| മഞ്ചേരി | അധികാരത്തൊടി-കറ്റാളൂർ റോഡ് കി.മീ 0/00 – 6/200 |
| തിരുവനന്തപുരം | കരുണാകര സപ്തതി-പഞ്ചാപുരം റോഡ് |
| കൊല്ലം | ചാത്തന്നൂർ-അമ്പലംകുന്ന് റോഡ് കി.മീ2/200 – 5/000 |
| പാലക്കാട് | കൊടുവായൂർ-തൃപ്പാളൂർ റോഡ് കി.മീ7/400 – 8/600 |
| | എരട്ടക്കുളം-വാണിയംപാറ റോഡ് കി.മീ5/400-6/000 |
| | പുതുനഗരം-കിണാശ്ശേരി റോഡ് കി.മീ0/000-1/400 |
| | കട്ടിലക്കടവ്-കരിമ്പുഴ റോഡ് കി.മീ0/00 -1/600 |
| | നെന്മേനി-സിതാർകുണ്ട് റോഡ് കി.മീ 2/000-3/500 |
| | കൊഴിഞ്ഞാമ്പാറ വേലന്താവളം റോഡ്-കറ്റനാട് തുത്താല റോഡ് കി.മീ 1/500 – 4/000 |
| വയനാട് | ഇരുളംമൂന്നാനക്കുഴി റോഡ് കി.മീ 7/900 -9/500 |
| | മാനന്തവാടി-കൈതക്കൽ റഡ് കി.മീ 1/00 – 2/00 |
| കണ്ണൂർ | ചുണ്ടപ്പറമ്പ്-പൂപ്പറമ്പ നെല്ലികുറ്റി-അരിയിക്കാമല വെള്ളാട് കരുവഞ്ചാൽ റോഡ് കി.മീ 4/500 – 5/500 |
| | വലിയന്നൂർ-നായാട്ടുപാറാ റോഡ് കി.മീ 4/000 – 5/000 |
| | കോലത്തുമല-കല്ലായി റോഡ് കി.മീ 1/00 – 2/00 |
| എറണാകുളം | അയിരൂർ-തുരുത്തിപ്പുറം റോഡ് കി.മീ 0/000 – 1/100 |
| | ചെറുവൈപ്പ് റോഡ് കി.മീ 1/000 – 2/500 |
| | FACT ഉന്തിത്തോട് റോഡ് |
| | FACT മേതാനം |
| | പാതാളംകടവ് റോഡ് |
| | ചെങ്കൽ-ചൊവ്വര റോഡ് കി.മീ 1/000-02/500 |
| | കടുങ്ങല്ലൂർ-കയാന്തിക്കര ഏലൂക്കര റോഡ് കി.മീ 4/500-6/160 |
| | കടുങ്ങല്ലൂർ-കയാന്തിക്കര ഏലൂക്കര റോഡ് കി.മീ 2/000-3/500 |
| | ചെങ്കൽ-ചൊവ്വര റോഡ് കി.മീ 5/000-6/000 |
| | മുട്ടാർക്കടവ്-കന്നുംപുറം റോഡ് |

| | |
|---|---|
| | പാലച്ചുവട്-നിലംപതിഞ്ഞി റോഡിലെ ഐ.എം.ജി ജംഗ്ഷൻ |
| | ഇൻഫോ പാർക്ക് റോഡ് |
| | ചിറ്റൂർ-ചേരാനല്ലൂർ റോഡ് കി.മീ 0/000-2/600 |
| | ദേവൻകളങ്ങര-കച്ചേരിപ്പടി റോഡിലെ വടത്തോട്-ചേരാനല്ലൂർ റോഡും, ചേരാനല്ലൂർ - ഫെറി റോഡും |
| | പൊന്നുരുന്നി-ചാലിക്കാവട്ടം-കൊല്ലംകാവ് റോഡ് |
| | കർദ്ദീനാൾ സ്കൂൾ റോഡ്(തൃക്കാക്കര മുൻസിപ്പാലിറ്റി) |
| | എടച്ചിറ-തലക്കാട്ടുമല റോഡ് |

S.O.